# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session-1953.

*Saturday, the 28th March 1953.*

Vol. VIII — OFFICIAL REPORT — No. 26

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Saturday, the 28th March, 1953, with Mr. Speaker in the Chair.

## QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

### Oral Answers.

ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി.

*൯൭൮. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി ഇനത്തിൽ കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തെങ്കിലും കുടിശിഖ കിട്ടാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ തുക എന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇതുവരെ എത്ര സംഖ്യ കുടിശിഖ തന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെയൊന്നും തന്നിട്ടില്ല.

## Export of Tapioca.

*657. [2] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state :

(a) how much tapioca has been exported from our State during the year 1952 ; and

(b) to which place this is being exported ?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon) :**

(a) Unrestricted export of tapioca in any form was allowed during the period from 10-4-1952 to 1-6-1952. Again unrestricted export of finished products of tapioca was allowed from 21-10-1952 and this relaxation is still in force. Hence accurate figures in regard to the total quantity exported outside the State are not available. But when the ban was in force, permits have been issued for export of about 144 tons of tapioca starch and by-products.

(b) As there was no permit system when the relaxations were made, it is not possible to state the destination to which the tapioca was being exported. The quantity of 144 tons referred to above was exported to Bombay and Madras States.

**Shri K. Bhanu :** Has it come to the notice of Government that because of the export of tapioca to outside places, there is acute shortage of tapioca for food purposes in the coastal regions particularly Karthikapalli and Karunagapalli taluks of this State.

**Shri Panampilli Govinda Menon :** Export of tapioca as such is not allowed now, as I stated in the answer, in order to provide for industries in the State. Conversion of tapioca into starch is allowed in the State and export of converted products is also allowed. It has come to the notice of Government that there is shortage of tapioca supply in certain taluks in the State and Government are taking steps to relieve the consequent distress.

**Shri K. Bhanu :** Do the Government realise that, as a result of that, price of that food articles has gone up ?

**Shri Panampilli Govinda Menon :** Government know that prices have slightly gone up.

**Shri K. Bhanu :** May I know the measures proposed by Government to meet the shortage situation ? Also for the rise in prices ?

**Shri Panampilli Govinda Menon :** They are under consideration of the Government.

**Shri K. Bhanu :** May I know whether Government propose to set up fair price shops to alleviate distress ?

**Shri Panampilli Govinda Menon :** Probably that may be a measure to be thought of. As yet we have not taken a final decision.

**Shri K. Bhanu :** May I know whether Government propose to restrict the export of tapioca ?

**Shri Panampilli Govinda Menon :** The final shape in respect of the steps to be taken has not been decided.

**ശ്രീ. കെ. കരുണാകരൻ :** വിലക്കുറവുകാരണം കൃഷിക്കാർ കപ്പ ഉൽപാദിപ്പിക്കുന്നതിൽ വിസമ്മതം കാണിക്കുന്നതുകൊണ്ടാണ് ഈ ഷാർട്ടേജ് വരുന്നതെന്ന് ഗവൺമെന്റിന് അറിയാമോ?

**Shri Panampilli Govinda Menon :** This is a complicated matter. One of the reasons for shortage is when the price of tapioca was very low, the agriculturists did not deem it worth while to resort to that cultivation. For that reason tapioca is in short supply.

**Shri P. S. Nataraja Pillai :** May I know from Government whether they have ascertained the prevailing prices for tapioca in the different parts of the State ?

**Shri Panampilli Govinda Menon :** Government are not in possession of information regarding the prices of tapioca prevailing from time to time in each of the taluks.

**Shri P. S. Nataraja Pillai :** Do the Government realise that because of the prevailing low prices for tapioca it is not profitable to cultivate it ?

**Shri Panampilli Govinda Menon :** Prices vary from place to place. Even in certain producing taluks the prices are not reported to be high. Due to transport or other difficulties the prices are found to be a little high in certain taluks, and varying from taluk to taluk and from market to market.

**Shri P. S. Nataraja Pillai :** Have Government come to the conclusion that the prevailing market price will not be adequate for cultivation being resorted to in the State ?

**Shri Panampilli Govinda Menon :** That is not the point. There is no prevailing market in the State for that commodity. Due to various reasons, contraction in supply is one among many, and other things as the prevalence of one price in Neyyattinkara, another in Chirayinkil and a third price in Vaikam and so on. The position may be that.

**Shri P. S. Nataraja Pillai :** Will the Government be pleased to tell us the average quantity exported from Travancore per month ?

**Shri Panampilli Govinda Menon :** Because free export is provided for, we have not collected that information.

**Shri P. S. Nataraja Pillai :** May I know the agency to collect the export quantity ?

**Shri Panampilli Govinda Menon :** There is no agency.

**Shri P. S. Nataraja Pillai :** May I know whether it has come to the notice of Government that there are power factories here to convert tapioca into starch ?

**Shri Panampilli Govinda Menon :** Government do know of one such power factory which is engaged in converting it into starch.

**Shri P. S. Nataraja Pillai :** Has it come to the notice of Government that even in Trivandrum there is one such factory ?

**Shri Panampilli Govinda Menon :** I can accept that statement.

**Shri P. S. Nataraja Pillai :** Is it the decision of Government to make the starch making process as a cottage industry ?

**Shri Panampilli Govinda Menon :** Government have not taken any steps to prohibit the power driven industry in the matter of tapioca.

**Shri P. S. Nataraja Pillai :** Will Government be pleased to consider that aspect, namely, the granting of permission to manufacture starch as a cottage industry ?

**Shri Panampilli Govinda Menon :** That will be looked into.

ശ്രീ. കെ. സി. നൈനാൻ: മരച്ചീനിക്കു കൂടക്കൂടെ റസ്ട്രിക്ഷൻ ഉണ്ടാക്കുന്നതു് കൃഷിയെ ഏതുവിധത്തിൽ ബാധിക്കുമെന്നാണു് ഗവണ്മെൻറിൻെറ അഭിപ്രായം?

**Shri Panampilli Govinda Menon :** During discussion on this matter in the House a view prevailed that restriction on export of tapioca has adversely affected production.

ശ്രീ. കെ. സി. നൈനാൻ: ഈ പ്രൊഡക്ഷൻെറ കുറവു കൊണ്ടല്ലേ മരച്ചീനിയുടെ വിലകുറഞ്ഞതു്?

**Shri Panampilli Govinda Menon ;** That may be one reason why the price has gone up.

ശ്രീ. ഒ. സി. നൈനാൻ: റസ്ട്രിക്ഷൻ വെച്ചാൽ പഴയ വിലയിലേക്ക് എത്താൻ കഴിയുകയില്ലേ?

**Shri Panampilli Govinda Menon :** I do not say that Government are going to introduce restriction. I said that steps are being taken to see that scarcity areas are in a position to get their supplies.

ശ്രീ. ഒ. സി. നൈനാൻ: മരച്ചീനി ഇൻഡസ്ട്രിപോലെതന്നെ കപ്പപ്പൊടിവ്യവസായവും; അതു കയററി അയക്കാതെ ഈ രാജ്യത്തുതന്നെ നിൽക്കുന്നതല്ലേ വില വർദ്ധിക്കുന്നതിനെ തടക്കാൻ സാദ്ധ്യമാക്കുക?

**Shri Panampilli Govinda Menon :** There should be better production so that there will be good supplies. Agriculturists should get proper price and the consuming section of the public should get the commodity at regular prices.

ശ്രീ ഒ. സി. നൈനാൻ: ഇവിടെ കപ്പകൃഷി ചെയ്യുന്നതിനു പല വിധത്തിലുള്ള തടസ്ഥങ്ങൾ ഉള്ളതായി ഗവണ്മെൻറിനറിയാമോ?

**Shri Panampilli Govinda Menon :** I am not aware of any obstacles in the way of cultivation except that there was a complaint that the prices are low.

ശ്രീ. ഒ. സി. നൈനാൻ: വളരെ വിലകൂടിയ വളങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യുന്നത്ര ഫലം ആ കൃഷിയിൽനിന്നും കിട്ടുന്നില്ലെന്നുള്ളതു ഗവണ്മെൻറിനറിയാമോ?

**Shri Panampilli Govinda Menon :** That is what I meant when I said that there is a complaint that the price of tapioca is low.

ശ്രീ. ഒ. സി. നൈനാൻ: ഏതെല്ലാം ഭാഗങ്ങളിലാണ് കപ്പകൃഷിസമ്പ്രദായം നടത്തിവരുന്നത്?

**Shri Panampilli Govinda Menon :** It is well known that in many places tapioca cultivation is going on.

ശ്രീ. ഒ. സി. നൈനാൻ: ഇപ്പോഴും കപ്പ ആവശ്യത്തിനു തക്കവണ്ണം ആ സ്ഥലങ്ങളിൽ കിട്ടുന്നില്ലെന്ന് ഗവണ്മെൻറിനറിയാമോ?

**Shri Panampilli Govinda Menon :** May be.

ശ്രീമതി കെ. ആർ. ഗൗരി: മരച്ചീനി ഈ നാട്ടുകാരുടെ പ്രധാന ആഹാരസാധനമാണെന്ന് ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ എന്റെ പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഈ നാട്ടിലെ ജനങ്ങളുടെ തൊഴിലില്ലായ്മയെയും ക്രയശക്തിയുടെ കുറവിനേയും പരിഗണിച്ച് കപ്പകൃഷി .. ർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി എന്തെങ്കിലും നടപടി എടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുതന്നെയല്ലേ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: അതിലേക്ക അടിയന്തിരമായി ചെയ്യുവാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എന്തൊക്കെയാണെന്നു് പര്യാലോചിച്ചതിനുശേഷം മാത്രമേ വക്കുതുടങ്ങുകയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ചേർത്തല മുതലായ താലൂക്കുകളിൽ മരച്ചീനിയുടെ വില വളരെ കൂടുതലാണു്. സാധാരണക്കാരനു വാങ്ങുവാൻ തരമില്ല. അതുകൊണ്ടു് മരച്ചീനി കുറഞ്ഞവിലയ്ക്കു കിട്ടത്തക്കവണ്ണം ഫെയർ പ്രൈസ് ഷാപ്പുകൾവഴി വിതരണം നടത്തുന്നതിനുള്ള നടപടികൾ എടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചേർത്തല താലൂക്കിൽ മാത്രമല്ല മററ താലൂക്കുകളിലും ഈ ബുദ്ധിമുട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനെ സംബന്ധിച്ച് അടുത്തകാലത്തു് ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തു് ഒരു നിവേദനംകൊണ്ടുവരികയുണ്ടായില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പെട്ടെന്നു് ഗവണ്മെൻറ് അതനുസരിച്ച് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നടപടികൾ എടുക്കണമെന്നു് ഉദ്ദേശിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ആ നടപടികൾ അടിയന്തിരമായി എടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടിയന്തിരമായി എടുക്കണമെന്നാണു് ഗവണ്മെൻറിന്റെ ആഗ്രഹം.

ശ്രീ. കൊച്ചുകുഞ്ഞു്: ആകെ എത്ര ജാതി കപ്പകളുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലും ഇപ്പോൾ ജാതിവ്യത്യാസം ഇല്ലാതാക്കുവാനുള്ള പ്രവർത്തനം നടത്തിവരുകയാണു്.

ശ്രീ. കൊച്ചുകുഞ്ഞു്: മരച്ചീനിയിൽതന്നെ പല വർഗ്ഗങ്ങൾ ഉണ്ടു്. നല്ല ഗുണതമമുള്ള മരച്ചീനിയും—

Mr. Speaker: The question has been answered.

ശ്രീ. പ്രാക്കുളം ഭാസി: മരച്ചീനിയുടെ വില എത്രത്തോളം കൂടിയിട്ടുണ്ടെന്നു് ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വില കൂടിയിട്ടുണ്ടെന്നു് അറിയാം.

ശ്രീ. പ്രാക്കുളം ഭാസി: വില എത്ര ശതമാനം കൂടിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ കണക്കു് എൻെറ കൈവശമില്ല.

ശ്രീ. പ്രാക്കുളം ഭാസി: വില കൂടിയിട്ടുണ്ടു് എന്നു് ഗവണ്മെൻറു സമ്മതിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ വിവരങ്ങൾ ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: പച്ചകപ്പ ഉണക്കിവച്ചുകൊണ്ടു് പുറത്തേക്കു കയററി അയക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. പ്രാക്കുളം ഭാസി: മാർക്കററിൽ ഉണക്കക്കപ്പ വാങ്ങാൻ കിട്ടുന്നില്ലെന്നുള്ളതു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് മുമ്പു ചോദിച്ച ചോദ്യം തന്നെ വേറെ ഒരുതരത്തിൽ ചോദിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഉണക്കക്കപ്പ വിററിരുന്നതുപോലെ ഇപ്പോൾ വാങ്ങാൻ കിട്ടുന്നില്ലെന്നും അതുംകൂടി കയററി അയയ്ക്കുകയാണു് ചെയ്യുന്നതെന്നും ഗവണ്മെൻറിന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കയററി അയയ്ക്കുന്നതു് ഗവണ്മെൻറിന് അറിവില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ രാജ്യത്തു് കപ്പ എത്രമാത്രം ഉൽപാദിപ്പിക്കുന്നുണ്ടെന്നും, എത്രമാത്രം ഈ രാജ്യത്തു് ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്നും, എത്രമാത്രം പുറത്തേക്കു കയററി അയയ്ക്കുന്നുണ്ടെന്നുമുള്ള ഒരു കണക്കു ശേഖരിക്കുവാൻ സാധിക്കുമോ? അങ്ങിനെ ചെയ്താൽ ഇതിൻെറ ഷാർട്ടേജു പരിഹരിക്കുവാൻ സഹായമായിരിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെല്ലാം ആലോചിച്ചുതുടങ്ങിയാൽ ബഹുവിശേഷമാകും.

ശ്രീ. കെ. കെ. കുമാരപിള്ള: കപ്പയുടെ ഷാർട്ടേജു പരിഹരിക്കുവാൻ അടിയന്തിരമായ നടപടികളെടുക്കുവാൻ അതു സഹായമാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊക്കെ വേണമെന്നാണ വിചാരം

ശ്രീ. ടി. വി. താമസ്: മരച്ചീനിയുടെ വില കറഞ്ഞതുകൊണ്ട മരച്ചീനിയുടെ പ്രൊഡക്ഷൻ കറഞ്ഞു എന്നു പറഞ്ഞു. മരച്ചീനിയുടെ നിയന്ത്രണം പിൻവലിച്ചതോടുകൂടിയല്ലേ ഷോർട്ടേജ് ഉണ്ടായതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനിയുടെ നിയന്ത്രണം നിലവിലിരിക്കുന്നതുകൊണ്ട ഉൽപാദനം കറയുന്നു എന്നു ആക്ഷേപം ഉണ്ടായപ്പോൾ അതിനെക്കറിച്ചു് അന്വേഷിക്കുന്നതിന ഒരു മരച്ചീനി അന്വേഷണക്കമ്മിററിയെ നിയമിച്ചു. ആ കമ്മിററിയുടെ റിപ്പോർട്ട് കൊണ്ടും മററപ്രകാരത്തിലും ഗവമെന്റിന്റെ ശ്രദ്ധയിൽ പെട്ടതു് മർച്ചീനിക്ക വേണ്ടിടത്തോളം വില കിട്ടാത്തതുകൊണ്ടു് മരച്ചീനിക്കൃഷി ഒരു ലാഭകരമല്ലാത്ത കൃഷിയായിത്തീർന്നിരിക്കുന്നു എന്നാണ്. അതുകൊണ്ട മരച്ചീനിക്കൃഷി കറയുന്നുവെന്നു അധികൃതമായ റിപ്പോർട്ടുതന്നെ ഉണ്ടു്.

ശ്രീ. ടി. വി. താമസ്: റിപ്പോർട്ട അങ്ങിനെയാണെങ്കിൽതന്നെ നിയന്ത്രണം പിൻവലിച്ചുകഴിഞ്ഞപ്പോഴല്ലേ സാധാരണയായി ഈ ഷോർട്ടേജിനെപ്പററി പരാതി ഉണ്ടായതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയന്ത്രണം പിൻവലിച്ചതിനശേഷം അതിന്റെ ഫലമുണ്ടാകാൻ കാലമായിട്ടില്ല.

ശ്രീ. ടി. വി. താമസ്: സാധാരണ ഷോർട്ടേജിനെപ്പററി പരാതി ഉണ്ടായിട്ടുള്ളതു് നിയന്ത്രണം ഇല്ലാതിരുന്നപ്പോഴല്ലേ? നിയന്ത്രണം ഇല്ലാതാക്കുന്നതു ഷോർട്ടേജിന ഒരു കാരണമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനിക്ക ഇവിടെ ഉണ്ടായിരുന്ന നിയന്ത്രണം അതു ഈ രാജ്യത്തിന പുറത്തേക്ക അയക്കവാൻ പാടില്ലെന്നായിരുന്നു. മരച്ചീനി രാജ്യത്തുനിന്നു പുറത്തേക്ക അയക്കവാൻ പാടില്ലെന്നു പറയുന്നതുകൊണ്ട കൃഷിക്കാൎക്ക അവരുടെ വിളവിനവേണ്ടിടത്തോളം വില കിട്ടുന്നില്ല എന്നായിരുന്നു പരാതി.

ശ്രീ. ടി. വി. താമസ്: ഷോർട്ടേജിന്റെ കാരണം വില കറവായതുകൊണ്ട കർഷകർ അതു ഉൽപ്പാദിപ്പിക്കാത്തതുകൊണ്ടാണെന്നു ഇവിടെ മന്ത്രി സൂചിപ്പിച്ചു. ഞാൻ ചോദിച്ചതു് നിയന്ത്രണം പിൻവലിച്ചതുകൊണ്ട രാജ്യത്തുനിന്നും മരച്ചീനി പുറത്തേക്ക കൊണ്ടുപോകുന്നതല്ലേ ഷോർട്ടേജിന ഒരു കാരണം എന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു കാരണം. വേറെ ഒരു കാരണം, നിയന്ത്രണം ഉണ്ടായിരുന്ന കാലത്തു് മരച്ചീനിക്ക വേണ്ടിടത്തോളം വില കിട്ടാത്തതുകൊണ്ട കൃഷിക്കാർ വേണ്ടിടത്തോളം അതു കൃഷിചെയ്തില്ല എന്നുള്ളതാണ്. പിന്നീട നിയന്ത്രണം നീക്കിയതിനശേഷം കൃഷിചെയ്തു വിളവു വരുവാനുള്ള കാലവും ആയിട്ടില്ല.

ശ്രീ. ടി. വി. താമസ്: ഇപ്പോൾ ഷോർട്ടേജിനുള്ള കാരണം മുമ്പുണ്ടായിരുന്ന നിയന്ത്രണം പിൻവലിച്ചതു മൂലം ഇവിടെയുള്ള കപ്പ തന്നെ അന്യനാട്ടിലേക്ക അയച്ചതുകൊണ്ടാണെന്നു ഗവമെന്റിന അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയന്ത്രണം നീക്കിയതു ഈയയിടെയാണു.

ശ്രീ. ടി. വി. താമസ്: നിയന്ത്രണം നീക്കിയതിനു ശേഷമല്ലെ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് കപ്പ കിട്ടുന്നില്ലെന്നു പരാതി കൂടുതൽ ഉണ്ടായിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരാതി ഉണ്ടായതു് ചില ദിക്കിൽ കപ്പ കിട്ടുന്നില്ലെന്നാണു്.

ശ്രീ. ടി. വി. താമസ്: നിയന്ത്രണം പിൻവലിച്ചതുകൊണ്ടു സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ കപ്പ കിട്ടുന്നില്ലെന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പരാതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ടി. വി. താമസ്: നിയന്ത്രണം പിൻവലിച്ചതു ഷോർട്ടേജിനു ഒരു കാരണമായി ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു കാരണമാണു്. വേറെയും കാരണങ്ങളുണ്ടു്.

ശ്രീ. ടി. വി. താമസ്: ഈ രണ്ടു കാരണങ്ങളുംകൂടി പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുവാൻ സബ്സിഡൈസ്ഡ് കൃഷി നടപ്പിൽ വരുത്തുവാൻ ഗവണ്മെന്റിനു ഉദ്ദേശമില്ലെന്നു പറഞ്ഞു. അങ്ങനെ ചെയ്യുയാണെങ്കിൽ കൃഷിക്കാക്കു് ന്യായമായ വിലകിട്ടുകയും അതനുസരിച്ച് ഉപയോഗിക്കുന്നവക്കു സുലഭമായി കപ്പകിട്ടുകയും ചെയ്യുമെന്നു ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്താൽ കൃഷിക്കാക്കു് കൂടുതൽവില കിട്ടുകയും ഉപഭോക്താവിനു കൂടുതൽ വില കൊടുക്കേണ്ടിവരികയും ചെയ്യും. നികുതിദായകൻ കൂടുതൽ നികുതിയും കൊടുക്കണം.

ശ്രീ. ടി. വി. താമസ്: സാധാരണ ആളുകളുടെ ഭക്ഷണം മരച്ചീനി ആയതുകൊണ്ടു് ഈ കാര്യത്തിൽ നികുതിദായകൻ കുറച്ചു കൂടുതൽ നികുതി കൊടുക്കേണ്ടിവന്നാലും തരക്കേടില്ല. അതിനെക്കുറിച്ച് ആലോചിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ആലോചിക്കേണ്ട ഒരു വിഷയമാണു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: മരച്ചീനിയെ സംബന്ധിച്ചിടത്തോളം എന്തു നയമാണു് ഗവണ്മെന്റ കൈക്കൊള്ളുവാൻ പോകുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ചെയ്യേണ്ടതു് എന്താണെന്നു ഗവണ്മെന്റ ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും അതിന്റെ ഫൈനൽ രൂപവും ഡിസിഷനും ആയിട്ടില്ലെന്നും ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, മരച്ചീനിക്കു ന്യായവില ഡിപ്പോ സ്ഥാപിക്കുന്നകാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനിക്ക് ഡിപ്പോ സ്ഥാപിക്കുക എന്നുള്ളതു് ഗവണ്മെന്റിനു വിഷമമുള്ള ഒരു കാര്യമാണ്.

ശ്രീ. കെ. സദാനന്ദൻ: അന്യരാജ്യത്തുനിന്ന് പല കച്ചവടക്കാരും ഇവിടെവന്ന് ഉണക്ക മരച്ചീനി സംഭരിച്ചു കൊണ്ടുപോകുന്നതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംഭരിക്കുന്നതു കുറ്റമല്ല. വെളിക്കു കൊണ്ടുപോകുന്നതു കുറ്റകരമാണ്.

ശ്രീ. കെ. സദാനന്ദൻ: ബോംബെയിലുള്ള ആളുകളും ഇവിടെവന്നു ഉണക്കക്കപ്പ സംഭരിച്ചുകൊണ്ടുപോകുന്നതിനെപ്പറ്റി എന്തെങ്കിലും നടപടിനടത്തുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെക്കുറിച്ചു നടപടി നടത്തുവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. സദാനന്ദൻ: കപ്പലിൽ അയക്കുന്ന അവസരത്തിൽ മാത്രമേ അതിനു നടപടി എടുക്കുവാൻ സാദ്ധ്യമുള്ളു എന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: മരച്ചീനിയുടെ വില കൂട്ടണമെന്നോ കുറയ്ക്കണമെന്നോ ഗവണ്മെന്റിന്റെ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂട്ടുകയുംവേണം കുറയ്ക്കുകയുംവേണം, എന്താണു വേണ്ടതെന്നു തീർച്ചയാക്കിയിട്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: ഉൽപ്പാദകനെ സഹായിക്കണമെന്നോ ഉപഭോക്താവിനെ സഹായിക്കണമെന്നോ ഗവണ്മെന്റിന്റെ നയം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുകൂട്ടരേയും സഹായിക്കണം.

ശ്രീ. ആർ. ഗംഗാധരൻ: ഈ സംസ്ഥാനത്തെ ആവശ്യത്തിന് എത്ര മരച്ചീനി വേണമെന്നുള്ളതിനു ഗവണ്മെന്റിനു ഒരു കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കണക്കുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: വെളിയിലേയ്ക്കു അയയ്ക്കുന്നതായ മരച്ചീനി ഇത്രയെന്ന് ഗവണ്മെന്റിനു കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മരച്ചീനി പുറമേ അയയ്ക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെയാണെങ്കിൽ ഇവിടെ ആവശ്യമുള്ള മരച്ചീനിയുടെ കണക്കുണ്ടെന്നു പറയുകയും വെളിയിലേക്കയയ്ക്കുന്ന മരച്ചീനിയ്ക്കു് കണക്കില്ലാതിരിക്കുകയും ചെയ്യുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവിടെ ഉണ്ടാകുന്ന ഉൽപ്പാദനത്തിന്റെ കണക്കുണ്ട്. അതു ഫിനിഷ്ഡ് സ്റ്റഫായി അയയ്ക്കുന്നതിന്റെ കണക്കെടുത്തിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : ഫിനിഷ്ഡ് സ്റ്റഫായി വെളിയിലേയ്ക്കു കയററി അയയ്ക്കുന്നതിന്റെ കണക്ക് ഇല്ലാ എന്നു പറഞ്ഞതല്ലോ. വെളിയിലേയ്ക്കു കയററി അയയ്ക്കുന്നതുകൊണ്ടാണ് മരച്ചീനിയുടെ വില കൂടിയിരിക്കുന്നതെന്നു് അറിയാമോ?

**Mr. Speaker** : That is a big economic question. You cannot discuss it during question time.

ട്രെയിഡ് യൂണിയൻ.

*൯൭൯ ച്ച. [൪] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൦ അതിൽ താഴെയും അംഗങ്ങളുള്ള ട്രെയിഡ് യൂണിയനുകളുടെ അക്കൌണ്ട്സ് ആഡിററ ചെയ്യുന്നതിന് പല പ്രതിബന്ധങ്ങളും നേരിടുന്നുണ്ടെന്നു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരവു ചെലവു കണക്കുകളുടെ വാർഷിക സ്റ്റേറ്റമെൻറ് സമർപ്പിക്കാത്തതുമൂലം കഴിഞ്ഞ വർഷത്തിൽ എത്ര ട്രെയിഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടിട്ടുണ്ട് ;

(സി) ലേബർ ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരെത്തന്നെ ട്രെയിഡ് യൂണിയനുകളുടെ അക്കൌണ്ട്സ് പരിശോധിക്കുന്ന ജോലികൾക്ക് നിയമിക്കുന്ന കാര്യത്തിൽ സർക്കാർ ഉടനടി ശ്രമിക്കുമോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ആഡിറ്റർമാർക്ക് പ്രതിഫലം കൊടുക്കുന്നതിനുള്ള കഴിവില്ലായ്മയെപ്പററി ചില യൂണിയനുകൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

(ബി) ൪൫ യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുണ്ട്.

(സി) ഇല്ല.

റേഷൻ അളവ്.

*൧൦ൻ. [൫] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രായമായ ഒരാളിന് ഒരാഴ്ചയിൽ ഇപ്പോൾ കിട്ടുന്ന അരിയുടെ അളവെന്തു് ;

(ബി) ഭക്ഷ്യധാന്യങ്ങൾക്ക് കൺട്രോൾ ഏർപ്പെടുത്തിയതിനുശേഷം പ്രായമായ ഒരാളിന് ഒരാഴ്ചയിൽ ഏററവും കൂടുതൽ കിട്ടിയ അരിയുടെ അളവെന്തു് ; ഏതുമാസം എത്ര ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രായമായ ഒരാളിന് ഒരു ദിവസം ആറു് ഔൺസ് എന്ന ക്രമത്തിൽ ഒരാഴ്ചയിൽ ഇപ്പോൾ രണ്ടു പൗണ്ടു് പത്തു് ഔൺസ് അരി റേഷനായി കൊടുക്കുന്നു.

(ബി) പ്രായമായ ഒരാളിന് ഒരു ദിവസം പതിനാലര ഔൺസ് എന്ന ക്രമത്തിൽ ഒരാഴ്ചയിൽ ആറു പൗണ്ടു് അഞ്ചു് ഔൺസ് അരി ൨൫-൫-൧൧൨൫ മുതൽ ൧൩-൨-൧൧൨൩ വരെ കൊടുത്തിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ അളവുകുറഞ്ഞതു് പ്രൊക്യൂർമെൻറ കുറഞ്ഞതുകൊണ്ടാണോ അതോ വെളിയിൽനിന്നുള്ള അരിയുടെ സപ്ലൈ കുറഞ്ഞതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കണക്കുകൊണ്ടു് റേഷൻ കുറഞ്ഞു എന്നർത്ഥമില്ല. ഈ കണക്കുകൊണ്ടു് അതു അറിയുവാനും തരമില്ല.

ശ്രീ. ആർ. ഗംഗാധരൻ: മുമ്പു കൊടുത്തിരുന്നതിൽനിന്നും ഇപ്പോൾ റേഷൻ താണുപോയിട്ടില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുമ്പു് ശരിക്കു് കൊടുത്തതു എത്രയാണെന്നു അറിയുവാൻ നിവൃത്തിയില്ല. പതിന്നാലു് ഔൺസ് എന്നു പറഞ്ഞിട്ടു അതിന്റെ ൨൫ ശതമാനവും ചിലപ്പോൾ ൩൦ ശതമാനവും റേഷൻ കൊടുത്തിരുന്നതായിട്ടാണു് കാണുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ആറു് ഔൺസിൽ കൂടുതൽ ഒരിക്കലും കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യുദ്ധം നടന്നിരുന്ന കാലത്തു് അരിയുടെ സപ്ലൈ ഇന്നത്തെക്കാൾ കൂടുതലായിരുന്നു. അന്നു അരി മാത്രമായിട്ടായിരുന്നു റേഷൻ കൊടുത്തിരുന്നതു്. ഇന്നു് അരിയും ഗോതമ്പുംകൂടി ൧൨ ഔൺസാണു് റേഷൻ.

ശ്രീ. ആർ. ഗംഗാധരൻ: അരി ഇങ്ങനെ കുറവുവരുന്നതു് പ്രൊക്യൂർമെൻറിന്റെ കുറവുകൊണ്ടോ വെളിയിൽനിന്നുള്ള അരിയുടെ സപ്ലൈ കുറഞ്ഞതുകൊണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെളിയിൽനിന്നുള്ള സപ്ലൈ കുറവാണു്. പ്രൊക്യൂർമെൻറു് കുറഞ്ഞിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: വെളിയിൽനിന്നുള്ള സപ്ലൈ കുറഞ്ഞുവെന്നു പറയുന്നതു് ഇൻഡ്യയിലുള്ള മററു സംസ്ഥാനങ്ങളിൽനിന്നുള്ള സപ്ലൈ കുറഞ്ഞുവെന്നോ അന്യരാജ്യങ്ങളിൽനിന്നുള്ള സപ്ലൈ കുറഞ്ഞുവെന്നോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെളിയിൽനിന്നും മററു സംസ്ഥാനങ്ങളിൽനിന്നുമുള്ള സപ്ലൈ കുറവാണു്. ൧൧൨൭-നു ശേഷം

ഇൻഡ്യയിൽ ഏററവും അധികം അരി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളായ സിൻഡ്, പടിഞ്ഞാറൻ പഞ്ചാബും ഇൻഡ്യയിൽനിന്നും പോയതുകൊണ്ട് ഇൻഡ്യയിലെ ഇൻേറണൽ സപ്ലൈസും കുറവായിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോൾ ഇൻഡ്യയിലെ ഇതര പ്രവിശ്യയിൽ ഉണ്ടാകുന്ന അരിയുടെ ഏതെങ്കിലും ഒരു ശതമാനം ഈ ഗവണ്മെൻറിന് കിട്ടുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. വി. താമസ്: കേന്ദ്രഭക്ഷ്യവകുപ്പുമന്ത്രി ഈയിടെ ചെയ്ത ഒരു പ്രസ്താവനയിൽ എത്ര അരി വേണമെങ്കിലും കൊടുക്കുവാൻ തയ്യാറാണെന്നു പറഞ്ഞിട്ടുള്ളതു് മന്ത്രി വായിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് പത്രത്തിൽ വായിച്ചു. അതിൻെറ വേറൊരു ഭാഗത്തു അരി കിട്ടുവാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളതും വായിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. താമസ്: ഞങ്ങൾ പത്രത്തിൽ കണ്ട പ്രസ്താവന എത്ര അരി വേണമെങ്കിലും തരാൻ തയാറാണെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതായിട്ടാണു്.

**Mr. Speaker**: Order, order, let us not proceed on newspaper reports.

ശ്രീ. ടി. വി. താമസ്: അപ്പോൾ കേന്ദ്രഭക്ഷ്യവകുപ്പുമന്ത്രി എത്ര അരി വേണമെങ്കിലും തരാമെന്നു പറഞ്ഞിരിക്കെ ഇങ്ങനെ—

**Mr. Speaker**: Again a paper report is made the basis for a question.

**Shri T. V. Thomas**: No, Sir. This is based on my information. കേന്ദ്രഭക്ഷ്യവകുപ്പുമന്ത്രി ചെയ്ത പ്രസ്താവനയിൽ അങ്ങനെ വാഗ്ദത്തം ചെയ്തിരിക്കെ കൂടുതൽ അരിവാങ്ങുവാൻ നമ്മുടെ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മൂന്നു ലക്ഷം ടൺ അരിയിൽ കൂടുതൽ നമുക്കു തരാമെന്നു കേന്ദ്രഗവണ്മെൻറ് സമ്മതിച്ചിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: റേഷൻ നു ഔൺസു ഗോതമ്പും നു ഔൺസ് അരിയും കിട്ടുമെന്നു പറഞ്ഞു. ഗോതമ്പ് റേഷൻ കടയിൽനിന്നു കിട്ടുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗോതമ്പ് ഏതെങ്കിലും റേഷൻ കടയിൽനിന്നും കിട്ടുന്നില്ലെന്നു ആക്ഷേപമുണ്ടെങ്കിൽ അതിനു് പരിഹാരമുണ്ടാക്കാം.

ശ്രീമതി കെ. ആർ. ഗൗരി: ഗോതമ്പ് റേഷൻ കടയിൽ എത്തുന്നതിനു മുമ്പു അതു് ഇടയ്ക്കുവച്ചുതന്നെ വിററു പോകുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെക്കുറിച്ചു ഒരു ആക്ഷേപം തന്നാൽ അതിനു പരിഹാരമുണ്ടാക്കാം.

ஸ்ரீ. என். கணபதி: நம் ராஜ்யத்தில் எல்லா ஜனங்களுக்கும் கோதும்பை கொடுக்கப்படுகிறதா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

ஸ்ரீ. என். கணபதி: தோட்டத்தொழிலாளிகளுக்கு கொடுக்கப்படுகிறதா?

**Mr. Speaker :** That question has been raised in this House and the Minister promised to look into the question.

ശ്രീ. ആർ. കേശവപിള്ള: ഈ കൊല്ലത്തിലും കഴിഞ്ഞ കൊല്ലത്തിലും ആറു ഔൺസു റേഷൻ കൊടുക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെങ്കിലും ഒരു സ്ഥലത്തു് അങ്ങനെ കൊടുക്കാതിരിക്കുന്നുണ്ടെന്നു പറഞ്ഞാൽ അതിനെക്കുറിച്ചു നടപടി എടുക്കാം.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കര താലൂക്കിൽ പലവിധത്തിൽ റേഷൻ കൊടുക്കുന്നുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

**Mr. Speaker :** Has the hon. Member informed the Minister about that ?

**Shri R. Kesava Pillai :** I went yesterday and ascertained from a place that rationing–

**Mr. Speaker :** How does the Member expect the Minister to know of it ?

**Shri R. Kesava Pillai :** I am informing the Minister now.

## Food Subsidy.

*660. [6] **Shri K. Bhanu :** Will the Minister for Civil Supplies be pleased to state the amount expected to be received by our State as Food subsidy from the Centre for the year 1953 ?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**) **:** No amount has been fixed as subsidy to this State during 1953 by the Government of India but the Centre has agreed to arrange supplies of rice to us in such a way that it would enable Government to maintain the issue price at Rs. 17 per maund with the provision of Rs. 2 crores in the State Budget for the current year. This would be a more satisfactory arrangement than granting us a lump sum of Rs. 3 crores as in last year.

## സബ്സിഡി.

*൩൩൧. [൭] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൬൦—൬൧ വർഷത്തിൽ കേന്ദ്രത്തിൽനിന്നും ഭക്ഷ്യസബ്സിഡി ഇനത്തിൽ എത്ര തുക തന്നുവെന്നും, ൧൯൬൧—൬൨-ൽ എത്ര തുക തരുമെന്നും പറയുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ൧൯൬൦ കലണ്ടർ വർഷത്തിൽ ൩ കോടി രൂപ ഈ ഗവണ്മെൻറിന് കേന്ദ്രത്തിൽനിന്നും സബ്സിഡിയായി കിട്ടി. ൧൯൬൧ കലണ്ടർ വർഷത്തേയ്ക്കു് സബ്സിഡിയായി ഒരു നിശ്ചിത തുകയല്ല അനുവദിച്ചിരിക്കുന്നതു്. ഗവണ്മെൻറിന് രണ്ടു കോടി രൂപയിൽ കവിഞ്ഞ നഷ്ടം വരാത്തവണ്ണം ഇപ്പോഴത്തെ വിൽപ്പനവിലയായ മന്നിനു ൧൬ രൂപ നിരക്കിന് വിതരണം ചെയ്യത്തക്ക രീതിയിൽ സംസ്ഥാനത്തേയ്ക്കു് അനുവദിച്ചിട്ടുള്ള അരി കോട്ടാ തന്നുകൊള്ളാമെന്നു കേന്ദ്രഗവണ്മെൻറ് സമ്മതിച്ചിരിക്കയാണ്.

## പെൻഷൻ.

*൩൩൨. [൮] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പബ്ലിക് വർക്ക്സ് സൂപ്പർവൈസറായിരുന്ന കെ. കുഞ്ചുനായർ സർവ്വീസിൽനിന്നും പെൻഷൻപറ്റിയിട്ട് എത്ര കാലമായി;

(ബി) അയാൾക്ക് ഇതുവരെ പെൻഷൻ കൊടുത്തിട്ടുണ്ടോ;

(സി) പെൻഷൻ കിട്ടാത്തതിനെപ്പറ്റി എത്ര ഹർജികൾ അയാൾ ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ട്;

(ഡി) ഇതുവരെ പെൻഷൻ കൊടുക്കാതിരിക്കാൻ കാരണമെന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) രണ്ടു കൊല്ലം.

(ബി) ഇല്ല.

(സി) രണ്ട്.

(ഡി) കുഞ്ചുനായരുടെ സർവ്വീസുബുക്കിൻെറ ഒന്നാം വാല്യം കാണാതെ വന്നതുകൊണ്ടു് പെൻഷൻ പീരിയഡ് കണക്കാക്കുവാൻ സാധിക്കാതെ വന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ പിശകു് അടനേഷിച്ചു പെൻഷൻ അനുവദിക്കുന്നതിനു മുമ്പായി ഇൻെററിം പെൻഷൻ കൊടുക്കാൻ വല്ല നടപടിയും എടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇന്ററിം പെൻഷൻ കൊടുക്കുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ആറം ഗവണ്മെന്റിലേക്ക് അയച്ചിട്ടുള്ള ഹർജികൾക്ക് മറുപടി കൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇന്ററിം പെൻഷൻ കൊടുക്കുന്ന കാര്യം കാണിച്ച് മറുപടികൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഗവണ്മെന്റിനെ സേവിച്ച ഉദ്യോഗസ്ഥന്മാർക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ഇങ്ങനെ അനാസ്ഥ കാണിക്കുന്നത് നന്ദികേടല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നന്ദികേടല്ല. എങ്കിലും അനാസ്ഥകാണിക്കുന്നതു ശരിയാണന്ന് ഞാൻ പറയുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: സർവ്വീസുപുസ്തകത്തിന്റെ ഒന്നാം വാല്യം കാണാത്തതു് കുഞ്ഞുനായരുടെ പ്രശ്നംകൊണ്ടാണോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയാണോയെന്നറിഞ്ഞുകൂടാ. ചിലപ്പോൾ അങ്ങനെയുമാകാം. ഇപ്പോൾ ആ ആൾ ഉദ്യോഗത്തിലിരുന്ന ആഫീസുകളിലെല്ലാം, എഴുതി അയച്ച് സർവ്വീസിന്റെ വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. വി. തോമസ്: ഇതുപോലെയുള്ള വാല്യങ്ങൾ നഷ്ടപ്പെട്ടുപോയാൽ അതു കിട്ടുന്നതിനു അവകാശി എന്താണു ചെയ്യേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: സാധാരണ അങ്ങനെ നഷ്ടപ്പെട്ടു പോകാറില്ല. അങ്ങനെ നഷ്ടപ്പെട്ടുപോയാൽ അതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനിടയ്ക്കു് ഒരു ഇന്ററിം പെൻഷൻ കൊടുക്കാൻ ഏർപ്പാടുചെയ്യും.

ശ്രീ. ടി. വി. തോമസ്: ഈ കേസിൽ അങ്ങനെ ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉണ്ട്.

## വെള്ളം വററിക്കുന്ന യന്ത്രം.

*൬൬൩. [൯] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളം വററിക്കാനും പമ്പുചെയ്യുന്നതിനും ഗവണ്മെന്റിൽ നിന്നും കൊടുക്കുന്ന എൻജിന് മാസത്തിൽ വസൂലാക്കുന്ന വാടകയെന്തു്;

(ബി) ഇന്റിഗ്രേഷനു മുൻപ് ഇത്തരത്തിലുള്ള എൻജിന് മാസത്തിൽ വാടക എന്തായിരുന്നു;

(സി) എൻജിൻ ഉപയോഗിക്കാതിരിക്കുന്ന അവസരത്തിൽ വാടക ഇളവു ചെയ്യാറുണ്ടോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) തിരുവിതാംകൂർ പ്രദേശത്ത് നാലു ഹോഴ്സ്പവർവരെയുള്ള പമ്പുസെററുകൾക്ക് ദിവസമൊന്നിന് ൨ രൂപയും നാലു ഹോഴ്സ്പവറിൽ കൂടുതലുള്ള പമ്പുസെറെറാന്നിന് ദിവസം മൂന്നു രൂപയുമാണ് വാടക. കൊച്ചിപ്രദേശത്ത് പമ്പിന് ഹോഴ്സ്പവർ ഒന്നിന് ദിവസം ൨ ണ. ൮ പൈ. വീതവും, എൻജിന് ഹോഴ്സ്പവർ ഒന്നിന് ൯ ണ. ൪ പൈ. വീതവും വാടക വസൂൽ ചെയ്യുന്നുണ്ട്.

(ബി) ഇൻറഗ്രേഷനു മുമ്പും ഇതുതന്നെയായിരുന്നു നിരക്ക്.

(സി) കേടുപാടുകൾമൂലം പമ്പ് ഉപയോഗിക്കാതിരിക്കുന്ന അവസരത്തിലും പമ്പ് നടത്തുന്നതിന് ഡിപ്പാർട്ടുമെൻറൽ സ്റ്റാഫിനെ അയയ്ക്കാൻ സാധിക്കാതെ വരുന്ന അവസരത്തിലും വാടക ഇളവു ചെയ്യാറുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: മുമ്പ് ൨ ൫ രൂപ വസൂലാക്കിയിരുന്നതു് ഇപ്പോൾ ൧ ൫ രൂപ വസൂലാക്കിവരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉപയോഗിക്കുന്നതു് അനുസരിച്ചാണ് വാടക വാങ്ങിക്കുന്നതു്. അല്ലാതെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയല്ല.

## Transport of Paddy.

※ 664. [10] **Shri T. K. Krishnan :** Will the Minister for Food be pleased to state :

(*a*) whether it is a fact that cart-loads of paddy are being transported to Malabar from Talappilli Taluk ; and

(*b*) if so what effective steps have been taken to stop it ?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon) :**

(*a*) No.

(*b*) To prevent possible smuggling of paddy from the border villages, special patrol is arranged by the Police Department throughout the harvest season. The Grain Purchase Staff also is exercising vigilant watch.

## Concessions to Industries.

※665. [11] **Shri T. S. Ramaswami :** Will the Minister for Finance be pleased to state the monetary value of concessions by way of land, supply of electricity, water supply, firewood and raw materials to the following industries annually:

(i) Forest Industries (Travancore) Ltd.,

(ii) The Travancore Rayons Ltd., and

(iii) Fertilizers and Chemicals (Travancore) Ltd ?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**) : No concession has been shown to the Companies except to the Fertilisers and Chemicals (Travancore) Ltd., in the matter of supply of firewood. A royalty of Re. 1 per ton is charged for the firewood supplied from the Malayattur Concession Area. The monetary value of the concession cannot be estimated.

**Shri T. S. Ramaswami :** Is any concession by way of electricity supply given to the Forest Industries ?

**Shri Panampilli Govinda Menon :** No, not that I know of.

**Shri A. A. D. Luiz :** In whom does the proprietorship of the lands given to the Forest Industries vest ?

**Shri Panampilli Govinda Menon :** No concession has been given to the Forest Industries.

സ്റ്റീം ബോട്ട് സർവ്വീസ്.

* ൩൩൩. [൧൨] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റീം ബോട്ട് ലൈനുകൾ ദേശവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ ലയിനിലുമുള്ള ബോട്ടുകൾ കൂടുതൽ വേഗത്തിൽ യാത്രചെയ്യാനുള്ള സൗകര്യം യാത്രക്കാർക്കു നൽകുമോ ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ) :

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഈ ചോദ്യത്തിന്റെ ഉദ്ദേശമെന്താണെന്നു മനസ്സിലാകാത്തതുകൊണ്ടു ഉത്തരം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : ആലപ്പുഴനിന്നും ചങ്ങനാശേരിക്ക് ഓടുന്ന ബോട്ട് എത്രസമയമാണ് എടുക്കുന്നതെന്ന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : നാലു മണിക്കൂർ ആണെന്നാണ് ഓർമ്മ.

ശ്രീ. കെ. കെ. കുമാരപിള്ള : ആ സമയം വളരെ കൂടുതലാണെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിനെക്കാൾ വേഗം ഓടിക്കാം. പക്ഷെ, രണ്ടുവശത്തും നിലങ്ങൾ ഉള്ളതുകൊണ്ടാണ് കുറച്ചു പതുക്കെ ഓടിക്കുന്നത്. കൂടുതൽ വേഗത്തിൽ ഓടിച്ചാൽ ബണ്ടുകൾക്കു ചിലപ്പോൾ തകരാറുണ്ടാക്കിയേക്കും.

ശ്രീ. കെ. കെ. കുമാരപിള്ള: ആലപ്പുഴനിന്നു കൊല്ലത്തേയ്ക്കുള്ള ലൈനിൽ വളരെ കുറച്ചുസ്ഥലത്തെ നിലമുള്ളു എന്നു കാണുന്നതുകൊണ്ട് ആ ലൈനിൽ ഓടുന്ന ബോട്ടുകളെങ്കിലും കുറച്ചു വേഗത്തിൽ ഓടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: ബോട്ടുകാർക്ക് ചാർജ്ജുകൂട്ടാൻ അനുവാദം കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: പ്രധാന ചോദ്യത്തിൽ നിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ലെന്നുള്ളതിനാൽ ഞാൻ മറുപടി പറയണമെന്ന് ഉദ്ദേശിക്കുന്നില്ല.

## ട്രാൻസ്പോർട്ട് ബസ്സുകൾ.

* ൩൩൧. [൧൩] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓവർലോഡുകൂടാതെ ട്രാൻസ്പോർട്ട വണ്ടികൾ കൃത്യസമയത്ത് ആവശ്യാനുസരണം ഓടിക്കുന്നതിന് എത്ര ബസ്സുകൾകൂടി ഓരോ ലയിനിലും വേണ്ടിവരും?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

ഓരോ ലയിനിലും എത്ര ബസ്സുകൾകൂടി വേണ്ടിവരുമെന്ന് കൃത്യമായിപറയാൻ സാധിക്കുന്നതല്ല. എല്ലാ ലയിനുകളിലുമായി ൭൦ വണ്ടികൾ കൂടി ഓടിച്ചാൽ ഓവർലോഡു ഇല്ലാതാക്കാൻ സാധിക്കുമെന്നു തോന്നുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: ൻ൦ ബസ്സുകൾകൂടി ഉണ്ടെങ്കിൽ എല്ലാ ലയിനുകളും ഏറെറടുക്കാൻ കഴിയുമെന്ന് കഴിഞ്ഞ ബഡ്ജററുസമ്മേളനത്തിൽ ഗവണ്മെൻറ ഭാഗത്തുനിന്നും പറയുകയുണ്ടായി. ആ സമ്മേളനത്തിനുശേഷം ൨൦ വണ്ടികൾ വരുത്തിയിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ൨൦ വണ്ടികൾ മാത്രമെ അതിനുശേഷം വരുത്തിയിട്ടുള്ളുവെന്നു നിശ്ചയിക്കുന്നതു ശരിയല്ല. പഴയ വണ്ടികൾ മാററുന്നതിനുവേണ്ടിയും വണ്ടികൾ വരുത്തിയിരിക്കും.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെയാണെങ്കിൽ ൭൦ വണ്ടി വരുത്തിയാലും ഇതിനൊരു ശമനം കിട്ടുകയില്ലല്ലോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതാണ് പുരോഗമനത്തിൻെറ ലക്ഷണം. ആവശ്യം വർദ്ധിച്ചുവരുന്നതനുസരിച്ച് ബസ്സുകളുടെ എണ്ണവും കൂടിവരും.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ നിലയിലുള്ള പുരോഗതികൊണ്ടു സമാധാനപ്പെടാമെന്നാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഓവർലോഡു് ഇതുകൊണ്ടു് കുറഞ്ഞു വരുന്നുണ്ടു്.

ശ്രീ. ടി. വി. താമസ്: ഓവർലോഡു് ഇല്ലാതാക്കുന്നതിനുവേണ്ടി ഗവണ്മെന്റിനു് എന്തെങ്കിലും സ്കീം ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉണ്ടു്. അതാണു് ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുകയെന്നുള്ളതു്.

ശ്രീ. ടി. വി. താമസ്: എത്ര വാഹനങ്ങൾ വേണമെന്നു് കഴിഞ്ഞതവണ പറഞ്ഞതും ഇത്തവണ പറഞ്ഞതുമായി വ്യത്യാസം വരുന്നതെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിൽനിന്നും ഇപ്പോൾ ഇരുപതു വണ്ടി കൂട്ടിയിട്ടുണ്ടെന്നു് ഉദ്ദേശിക്കാം. ഇപ്പോഴത്തെ ട്രാഫിക്കിന്റെ നിലയനുസരിച്ചു് ൧൦ വണ്ടികൂടി വേണമെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. കേശവപിള്ള: ഈ ആണ്ടിൽ എത്ര വണ്ടികളാണു് കൂടുതലായി വരുത്തിയിട്ടുള്ളതെന്നു് പറയാമോ?

**Mr. Speaker**: All that information has been given.

## Travancore Bank Ltd.

*668. [14] **Shri A. Samraj**: Will the Minister for Finance and Civil Supplies be pleased to state:

(*a*) the amount invested by Government in the Travancore Bank Ltd.;

(*b*) the date of investment;

(*c*) whether there is any return by way of interest or dividend;

(*d*) if so, the amount; and

(*e*) if not, why not?

*Minister for Finance and Civil Supplies* (**Shri Panampilli Govinda Menon**): Sir, this question was answered already during this Session.

**Mr. Speaker**: This was once answered and several supplementary questions were asked.

**Shri A. Samraj**: I want to know the amount invested by Government.

**Shri Panampilli Govinda Menon:** That was once specifically answered. It is one crore of rupees by way of fixed deposit.

**Shri P. V. Avira Tharakan:** What about the return by way of interest and dividend, with reference to (*c*)?

**Mr. Speaker:** The question is, what is the interest on which this amount is advanced to the Travancore Bank Ltd?

**Shri A. Samraj:** The question is there, Sir.

**Mr. Speaker:** That you must ascertain from the balance-sheet.

### കള്ളുഷാപ്പു ലേലത്തുക.

* ൩൩൬. [൧൫൭] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൯-൬൦-ൽ കള്ളുഷാപ്പുടമസ്ഥന്മാർക്ക് ഷാപ്പുകളുടെ ലേലത്തുകയിൽ വല്ല ഇളവും ഗവണ്മെന്റ് അനുവദിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇളവനുവദിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) തുക ക്ലിപ്തപ്പെടുത്താൻ ഇപ്പോൾ നിവൃത്തിയില്ല.

(സി) ൧൯൫൮-൫൯-ലെ ലേലത്തുകയിൽനിന്നും ൨൫ ശതമാനമെങ്കിലും കൂടുതലായ തുകയ്ക്കു ൧൯൫൯-൬൦-ൽ ഷാപ്പുകൾ ലേലംവിളിച്ചുകേട്ടിട്ടുള്ള ഷാപ്പു കൺട്രാക്ടർമാർ ൧൯൬൦ മാർച്ചുമാസം ൩൧-ാം-യോ അതിനുമുമ്പോ അവരുടെ ൬ കിസ്തുകളും കുടിശ്ശികയുണ്ടെങ്കിൽ പലിശ സഹിതം മുഴുവനായി അടയ്ക്കുന്നപക്ഷം അവർ മുഴുവൻ തുകയും അടച്ചതായിത്തന്നെ പരിഗണിക്കുന്നതാണ്. അതായത്, ൧൯൬൦ മാർച്ചു ൩൧-ാംതീയതിക്കു മുമ്പ് ൬ കിസ്തുകൾ പലിശസഹിതം അടയ്ക്കുന്നപക്ഷം ഒരു കിസ്ത് അവർക്ക് ഇളവുചെയ്തു കിട്ടുന്നതായിരിക്കും.

ശ്രീ. കെ. പി. പ്രഭാകരൻ: ഇങ്ങനെയൊരു തീരുമാനം ചെയ്യുന്നതിനു കാരണമെന്താണ്?

ശ്രീ. വി. മാധവൻ: ൧൯൫൯-൬൦-ലേയ്ക്കുള്ള ലേലം കഴിഞ്ഞയുടൻതന്നെ സാമ്പത്തികമായി ഒരധഃപതനം ഉണ്ടായിയെന്നും അതുകൊണ്ട് കൺട്രാക്ടർമാർക്കു വളരെയധികം നഷ്ടം നേരിട്ടിരിക്കുന്നുവെന്നും കാണിച്ചു കൺട്രാക്ടർമാർ ഒന്നിച്ചും പ്രത്യേകം പ്രത്യേകമായും ഗവ

ണ്മെന്റിൽ നിവേദനം നടത്തി. രാജ്യത്തുള്ള പത്രങ്ങൾ അതിനനുകൂലമായിട്ടു് മുഖപ്രസംഗങ്ങളും എഴുതി. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചു സംഖ്യയിൽ ഒരു ഇളവു ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെന്റിനു തോന്നി. ഇങ്ങനെ ഒരു സൗകര്യം ചെയ്യുന്നതുകൊണ്ടു ബാക്കി സംഖ്യ ഈടാക്കുന്നതിനും സൗകര്യമായിരിക്കുമെന്നു് ഗവണ്മെന്റു കരുതി. അതുകൊണ്ടാണു് ഇത്തരം ഒരു തീരുമാനം ഗവണ്മെന്റു് എടുത്തതു്.

ശ്രീ. കെ. പി. പ്രഭാകരൻ: കൺട്രാക്ടറന്മാർ തന്നെ കണക്കല്ലാതെ എവിടെയൊക്കെയാണു് സാമ്പത്തികാധഃപതനം ഉണ്ടായിട്ടുള്ളതെന്നു് ഗവണ്മെന്റു് ഒരന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇതു സംബന്ധിച്ചു പലതും ഗവണ്മെന്റിനു് ബോദ്ധ്യമായിട്ടുണ്ടു്. ചാരായ ഷാപ്പുകൾക്കു കൊട്ടാ നിശ്ചയിച്ചിട്ടുള്ളതിൽ വളരെ കുറച്ചു മാത്രമേ കൺട്രാക്ടറന്മാർക്കു് എടുക്കാൻ കഴിഞ്ഞിട്ടുള്ളു. ചില ഷാപ്പുകളെ സംബന്ധിച്ചിടത്തോളം റീ ഓക്ഷൻവരെ നടന്നിട്ടുണ്ടു്. അങ്ങനെയുള്ള റീ ഓക്ഷനിൽ സംഖ്യകൾ കുറഞ്ഞാണു് ഷാപ്പുകൾ പോയിട്ടുള്ളതു്.

ശ്രീ. കെ. പി. പ്രഭാകരൻ: സാമ്പത്തികാധഃപതനത്തിന്റെ കെടുതി എല്ലാ ഭാഗങ്ങളേയും ഒരുപോലെ ബാധിച്ചിട്ടുണ്ടെന്നു ഗവണ്മെന്റു കരുതുന്നുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ കരുതിയാണു് ഗവണ്മെന്റു് കിസ്റ്റു ഇളവുചെയ്തു കൊടുത്തിട്ടുള്ളതു്.

ശ്രീ. കെ. പി. പ്രഭാകരൻ: ഈ കിസ്റ്റു് ഇളവുചെയ്തു കൊടുത്തിട്ടുള്ള ഷാപ്പുകൾ തന്നെ ഇപ്പോൾ കൂടുതൽ സംഖ്യയ്ക്കു ലേലം പോയിട്ടുണ്ടെന്നു് ഗവണ്മെന്റിനറിയാമോ?

ശ്രീ. വി. മാധവൻ: ഓരോ ഷാപ്പും എന്തു തുകയ്ക്കു പോയിയെന്നു പരിശോധിക്കാനുള്ള സമയമായിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഏതെല്ലാം ഷാപ്പുകൾക്കാണു് നഷ്ടംവന്നിട്ടുള്ളതെന്നു് ഗവണ്മെന്റു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: പലതരത്തിലും ഗവണ്മെന്റിനു ബോദ്ധ്യം വന്നിട്ടാണു് ഇളവുചെയ്തു് കൊടുത്തിട്ടുള്ളതു്.

ശ്രീ. കെ. പി. പ്രഭാകരൻ: ലേലത്തുക കൂട്ടിപ്പിടിച്ചിട്ടുള്ളതു് ആ ഷാപ്പുകളുടെ പ്രത്യേക പരിതഃസ്ഥിതികൊണ്ടാണു്. സാമ്പത്തികാധഃപതനം എല്ലാ ഷാപ്പുകളേയും ഒരുപോലെ ബാധിക്കുന്നതാണു്. ആ സ്ഥിതിയ്ക്കു് വലിയ ശതമാനം കൂട്ടി പിടിച്ചിട്ടുള്ളവർക്കു മാത്രം ഇങ്ങനെയൊരു ആശ്വാസം നൽകാൻ കാരണമെന്താണു്?

ശ്രീ. വി. മാധവൻ: അതൊരഭിപ്രായമാണു്.

ശ്രീ. കെ. പി. പ്രഭാകരൻ: ഈ മാതിരി പൊതുമുതൽ ഇളവു ചെയ്യുമ്പോൾ സൂക്ഷ്മമായ അന്വേഷണം നടത്തേണ്ടതല്ലേ?

ശ്രീ. വി. മാധവൻ: സൂക്ഷ്മമായി ആലോചിച്ചശേഷമാണ് ഈ തീരുമാനത്തിൽ എത്തിയതു്.

ശ്രീ. കെ. പി. പ്രഭാകരൻ: ഷാപ്പുകാരുടെ നിവേദനമല്ലാതെ ഗവണ്മെന്റ് നേരിട്ടു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്?

ശ്രീ. വി. മാധവൻ: എല്ലാ അന്വേഷണങ്ങളും നടത്തിയിട്ടാണ് അങ്ങനെയൊരു തീരുമാനം ചെയ്തിട്ടുള്ളതെന്നു പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. പി. പ്രഭാകരൻ. അതു് എങ്ങനെയാണ് നടത്തിയതെന്നു പറയാമോ?

**Mr. Speaker:** We all know how enquiries are made by Government.

ശ്രീ. ജെ. രാഘവൻപിള്ള: സൗജന്യം അനുവദിച്ചു കൊടുത്തതിനു പ്രതിഫലമായി അവർ അടുത്തുവരുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനുവേണ്ടി വോട്ടുചെയ്യണമെന്ന് വല്ല വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ടോ?

**Mr. Speaker:** That question need not be answered.

ശ്രീ. ടി. എസ്. രാമസ്വാമി: ഇതിനുമുമ്പ് എപ്പോഴെങ്കിലും ലേലസംഖ്യ ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇതിനുമുമ്പും തിരുവിതാംകൂറിലും കൊച്ചിയിലും ഇളവു ചെയ്തു കൊടുത്തിട്ടുള്ളതായി കാണുന്നുണ്ടു്.

ശ്രീ. ഇ. പി. വറുഗീസ്: ഇളവുചെയ്തു കിട്ടണമെന്ന് ആദ്യമായി ആവശ്യപ്പെട്ട് എത്രകാലം കഴിഞ്ഞശേഷമാണ് തീരുമാനമുണ്ടായതു്?

ശ്രീ. വി. മാധവൻ; ഒരു നാലഞ്ചുമാസത്തെ താമസം വന്നിരിക്കും.

ശ്രീ. കെ. മാധവനുണ്ണിത്താൻ: ബഹുമാനപ്പെട്ട മണലൂർ മെമ്പറുടെ ബന്ധത്തിൽപ്പെട്ട ആരെങ്കിലും ഈ ഇളവുകിട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

**Mr. Speaker:** That question need not be answered.

ശ്രീ. സി. അച്യുതമേനോൻ: ഷാപ്പുകൾ ലേലം ചെയ്യുമ്പോൾ കൂടുതൽ തുകയ്ക്കു് ലേലം പിടിക്കുന്നതിന് പ്രേരിപ്പിക്കുകയും പിന്നെ ഇളവുചെയ്തുകിട്ടുമെന്നു പറയുന്നതു ഒരു സാധാരണ പതിവായിട്ടില്ലേ?

ശ്രീ. വി. മാധവൻ: സാധാരണ അങ്ങനെയൊരു പതിവില്ല. നമുക്ക് എല്ലാം അറിവുള്ള ഒന്നാണ് സാധനങ്ങൾക്ക് എല്ലാം വിലയിടിവു ആ സമയത്തു ഉണ്ടായിട്ടുണ്ടെന്നുള്ളതു്. ഗവണ്മെന്റ് വേണ്ട അന്വേഷണം നടത്തിയശേഷമാണ് തീരുമാനം എടുത്തിട്ടുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ: ഷാപ്പുകൾ ലേലം ചെയ്യുന്ന അവസരത്തിൽ കൂടുതൽ തുകയ്ക്കു് പിടിക്കാനായി എക്സൈസുകാർ പരോക്ഷമായി പ്രേരണകൾ നൽകാറില്ലേ?

ശ്രീ. വി. മാധവൻ: അങ്ങനെ ഒരിക്കലും ഉണ്ടായിട്ടില്ല. അങ്ങനെ ചെയ്യുകയുമില്ല. ഉദ്യോഗസ്ഥന്മാർ അങ്ങനെ പ്രവർത്തിക്കാൻ ഇടയില്ലെന്നാണു് ഗവണ്മെൻറിൻെറ ബോദ്ധ്യം.

ശ്രീ. സി. അച്യുതമേനോൻ: ഒ ശതമാനത്തിൽ കൂടുതലായി പിടിച്ചവൎക്കു് മാത്രം ഇളവുചെയ്തുകൊടുക്കാൻ ഒരു നിർദ്ദേശം അവരിൽനിന്നും വന്നാൽ അങ്ങനെ വിചാരിക്കാൻ പാടില്ലേ?

**Mr. Speaker:** That is a hypothetical question.

**Shri A. A. D. Luiz:** May I know whether Government is going to be impeached for giving a concession?

**Mr. Speaker:** This looks something like that.

ശ്രീ. കെ. കരുണാകരൻ: ഇളവുചെയ്തുകൊടുത്തതുകൊണ്ടു കൂടുതൽ സംഖ്യ വല്ലതും ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: വളരെയധികം പണം അടച്ചുതീൎത്തിട്ടുണ്ടെന്നാണു് ഗവണ്മെൻറിൻെറ വിശ്വാസം.

ശ്രീ. പി. രവീന്ദ്രൻ: ഒരു താലൂക്കിൽ ലേലം നടക്കുമ്പോൾ മററതാലൂക്കിൽനിന്നു പണക്കാരായ ആളുകളെ ലേലംകൂട്ടുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥന്മാർ കൊണ്ടുവരുന്നതായറിയാമോ?

**Mr. Speaker:** There is freedom of movement throughout the State, I suppose. Next question, please.

സാധാരണരോഗികൾക്കു് സൗജന്യ കുത്തിവയ്പ്പു.

*൩൧൦. [൧൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ജനറലാശുപത്രിയിൽ ചികിത്സയ്ക്കു വരുന്ന സാധാരണ രോഗികൾക്കു് മരുന്നു, കുത്തിവയ്പ്പു മുതലായതു സൗജന്യമായി കൊടുക്കണമെന്നുള്ള ഗവണ്മെൻറു് സർക്കലർ ഇന്നും നടപ്പിലുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): ഉണ്ടു്.

ഡാക്ടർ എൻ. എസ്സ്. പിള്ള: ഈ സർക്കലർ അനുസരിച്ചു് ഇന്നും ജനറൽ ആശുപത്രിയിൽ കുത്തിവെയ്പു നടത്തുന്നില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: കുത്തിവെയ്പിൻെറ ആവശ്യമുള്ള രോഗികൾക്കു ഇന്നും കുത്തിവെയ്പ് നടത്തുന്നുണ്ടു്.

ഡാക്ടർ എൻ. എസ്. പിള്ള : ഈ സംസ്ഥാനത്തുള്ള ആശുപത്രികളിലെല്ലാം ഈ സർക്കുലർ അനുസരിച്ചു കുത്തിവെയ്പ് നടത്തുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ആവശ്യമാണെന്നുകണ്ടാൽ കുത്തിവയ്പ് നടത്തും. ഇതേപ്പററി പരാതി ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. കൊച്ചുകുഞ്ഞ് : സാധുക്കളായ ആളുകൾക്കു കുത്തിവയ്ക്കാനുള്ള മരുന്നു വാങ്ങിക്കാൻ ചിററ കൊടുക്കുകയാണു ചെയ്യുന്നതെന്നറിയാമോ ?

ശ്രീ. വി. മാധവൻ : അതു ശരിയല്ല. വെറും ഒരു പരാധം പറയുകയാണെന്നു തോന്നുന്നു.

ശ്രീ. കൊച്ചുകുഞ്ഞു : കുത്തിവയ്ക്കണമെന്നു ഡാക്ടർ പറഞ്ഞിട്ട്, മെഡിക്കൽ ഷാപ്പിൽനിന്നും മരുന്നുവാങ്ങാൻ ചിററുകൊടുക്കുകയാണു പതിവെന്നറിയാമോ ?

ശ്രീ. വി. മാധവൻ : ആ രോഗികൾക്കു കുത്തിവയ്ക്കേണ്ടതായ മരുന്നു ആശുപത്രിയിൽ ഇല്ലെങ്കിൽ ചിററുകൊടുക്കുമായിരിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : രോഗികൾക്കാവശ്യമുള്ള മരുന്നുകളെല്ലാം ആശുപത്രികളിൽ വേണ്ടതല്ലേ ?

ശ്രീ. വി. മാധവൻ : സാധാരണരോഗികൾക്കു ആവശ്യമുള്ള മരുന്നുകളെല്ലാം ആശുപത്രികളിലുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : രോഗികളെ സംബന്ധിച്ചിടത്തോളം 'സാധാരണരോഗികൾ' 'അസാധാരണരോഗികൾ' എന്നു വിവേചനം ഉണ്ടോ ?

ശ്രീ. വി. മാധവൻ : സാധാരണയായി കാണാറുള്ള രോഗങ്ങൾക്കാവശ്യമുള്ള മരുന്നുകൾ ആശുപത്രികളിലുണ്ട്. സാധാരണമായി കണ്ടുവരാത്ത ചില രോഗങ്ങളുണ്ട്. അവയ്ക്കുള്ള പ്രത്യേക മരുന്നുകൾ കണ്ടില്ലെന്നു വരാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : സാധാരണ രോഗങ്ങളുടെയും അസാധാരണരോഗങ്ങളുടെയും പേരുവിവരം പറയാമോ ?

**Mr. Speaker :** It is an intricate question.

ശ്രീ. ഇ. കൃഷ്ണൻ നായർ : പേപ്പട്ടിവിഷത്തിനു കുത്തിവെയ്പ് നടത്തുന്നതിന് അഞ്ചുരൂപാ വീതം കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. വി. മാധവൻ : അങ്ങനെ വ്യവസ്ഥയില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ : കൊട്ടാരക്കര ആശുപത്രിയിലെ ഡാക്ടർ അങ്ങനെ രൂപാ ആവശ്യപ്പെട്ടതായി അറിയാമോ ?

ശ്രീ. വി. മാധവൻ : കൊട്ടാരക്കര ഡാക്ടറെപ്പററി ചില പരാതികൾവന്നു. അതിനെപ്പററി മുൻപൊരിക്കൽ അന്വേഷണംനടത്തിയിട്ടുള്ളതാണ്.

## Workers employed in Madupatty Dam.

✱ 671. [17] **Shri Ganapathi**: Will the Minister for Transport and **P. W. D.** be pleased to state whether the Government will consider taking out insurance policies for all the workers employed in Madupatty Dam covering all risks involved?

*Minister for Works & Transport* (**Shri Kalathil Velayudhan Nair**): It is not practicable now since the Madupatty Dam Works are at the closing stage.

ஸ்ரீ. கணபதி: வேலைக்காரர்களுக்கு ஆபத்து ஏற்பட்டதாக கவர்ன்மெண்டுக்குத் தெரியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി പ്രത്യേകം ഒരു ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം. ആ അണയുടെ പണി തീരാറായി. ഇതേവരെ ഇതിനെപ്പററി യാതൊരറിവും കിട്ടിയിട്ടില്ല.

ஸ்ரீ. கணபதி: அந்த அணைக்கட்டில் வேலை செய்யும் தொழிலாளிகளுக்கு பல வித ஆபத்துக்கள் உண்டென்று கவர்ன்மெண்டுக்குத் தெரியாதா? பின்பு ஏன் இந்த இன்ஷூரன்ஸ் ஸ்கீம் கொண்டு வரவில்லை?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മാട്ടുപ്പെട്ടി ഡാം പണിയെ സംബന്ധിച്ചു ആലോചിച്ച സമയത്ത് ഇൻഷ്വറൻസു ഏർപ്പെടുത്തി അവിടെ നടപ്പിൽവരുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. கணபதி: இங்குள்ள ஸ்டாப்களுக்கு இந்தத் திட்டமுண்டா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അന്വേഷിച്ചു പറയാം.

ശ്രീ. ടി. വി. തോമസ്: മാട്ടുപ്പെട്ടി ഡാം പണിചെയ്യുന്ന തൊഴിലാളികൾക്ക ഇൻഷ്വറൻസു സ്കീം നടപ്പിൽ വരുത്തിയിട്ടില്ലാ എന്നു പറഞ്ഞു. മററു തൊഴിലാളികൾക്ക ഈ സ്കീം അനുവദിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയുള്ളതായി അറിഞ്ഞുകൂടാ.

## Short Notice Questions.

### ഭൂമി പതിവ്.

൧൭. [൧൦] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റെവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തു എരുമേലി പകുതിയിൽ ൫൨൱൱ ഏക്കർ ൭൧ സെൻറ ഫാറസ്റ്റ സ്ഥലം, ആർക്കെങ്കിലും പതിച്ചു കൊടുത്തോ ;

(ബി) ഏതു വ്യവസ്ഥയിലാണ് കൊടുത്തതു്;
(സി) അവർ ആരാണ് ?

*Minister for Revenue* (**Shri A. Chidambaranatha Nadar**): (a) No. (b) and (c) Do not arise.

ശ്രീ. എൻ. രാജഗോപാലൻ നായർ : ൫൨൱൱ ഏക്കർ, ൭൧ സെൻറ സ്ഥലം എപ്പോഴെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ ?

**Shri A. Chidambaranatha Nadar :** No, Sir.

ശ്രീ. എൻ. രാജഗോപാലൻ നായർ : കുഞ്ഞൻ രാമകൃഷ്ണൻ എന്ന ഒരാളിനു പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുന്നതു് വാസ്തവമാണോ ?

**Shri A. Chidambaranatha Nadar :** No, Sir.

